ലൂക്കാ 10:1-12

**ഉയിർപ്പ് അഞ്ചാം ഞായർ**

**2024 ഏപ്രിൽ 28**

**ഡോ. സോണി മഞ്ഞളി** വചനഭാഷ്യം

# പ്രേഷിതർ ദൈവരാജ്യ പ്രഘോഷകർ

ലൂക്കായുടെ സുവിശേഷത്തിൽ പ്രത്യേകമായി നാം കാണുന്ന ഒരു ഭാഗമാണ് യേശുവിന്റെ ജെറുസലേമിലേക്കുള്ള യാത്ര (ലൂക്കാ 9:51–19:45). ആരോഹണത്തിനാണ് യേശു ജെറുസലേമിലേക്ക് കയറിപ്പോകുന്നത് (9:51). ആരോഹണം എന്നത് യേശുവിന്റെ രക്ഷാകര രഹസ്യങ്ങളെ സൂചിപ്പിക്കുന്നു. ഈ ജെറുസലേം യാത്രയിൽ ദൈവരാജ്യം പ്രഘോഷിക്കേണ്ടതിന്റെ അടിയന്തരമായ ആവശ്യവും അതിന് നിയോഗിക്കപ്പെടുന്നവർ സഹിക്കേണ്ട ത്യാഗത്തെക്കുറിച്ചും യേശു ചൂണ്ടിക്കാണിക്കുന്നുണ്ട്.

സുവിശേഷം പ്രഘോഷിക്കാൻ 72 പേരെ തിരഞ്ഞെടുത്ത് അയയ്ക്കുന്നതാണ് ഇന്നത്തെ സുവിശേഷ ഭാഗം. ഈ 72 പേരെയും യേശു തിരഞ്ഞെടുത്തതാണ്. താൻ പോകാനിരുന്ന ഗ്രാമങ്ങളിലേക്കും പട്ടണങ്ങളിലേക്കുമാണ് ഇവരെ യേശു അയയ്ക്കുന്നത്. സ്നാപകയോഹന്നാൻ യേശുവിനു മുൻപേ പോയതുപോലുള്ള ഒരു ദൗത്യമാണ് ഇവർക്കും നൽകുന്നത്. എന്നാൽ 72 പേരുടെ ദൗത്യം സ്നാപകന്റെ ദൗത്യത്തിൽനിന്ന് വ്യത്യസ്തമാണ്. ഇവരുടെ പ്രേക്ഷിത മേഖല യേശുവിന്റെ സുവിശേഷം എത്തുന്ന സകല ദേശങ്ങളുടെയും സൂചനയാണ്.

മിഷനറിമാർക്കുള്ള നിർദേശങ്ങളാണ് ഈ സുവിശേഷ ഭാഗം. യേശുവിന്റെ സുവിശേഷം അനേകം പേർ കാത്തിരിക്കുന്നു എന്ന സത്യം കൊയ്ത്ത് എന്ന ആലങ്കാരിക പ്രയോഗത്തിലൂടെ പ്രകടിപ്പിക്കുന്നു. ഏശയ്യാ 27, ജോയേൽ 3:13 എന്നീ ഭാഗങ്ങളിൽ യുഗാന്ത്യത്തിലെ ദൈവജന ശേഖരണത്തെപറ്റി പരാമർശിക്കുന്നുണ്ട്. വിളവിന്റെ ഉടയവനും വേലക്കാരെ അയയ്ക്കുന്നതും മറ്റാരുമല്ല, അത് ദൈവമാണ്.

മിഷനറിമാർ നേരിടേണ്ട ക്ലേശങ്ങൾ ഈ വചനഭാഗത്ത് വ്യക്തമാക്കുന്നുണ്ട്. ചെന്നായ്ക്കളുടെ ഇടയിലേക്ക് കുഞ്ഞാടുകൾ എന്ന പ്രയോഗം ഇത് വെളിവാക്കുന്നു. കൊയ്ത്തുകാരുടെ ഉത്സാഹത്തോടും ഏകാഗ്രതയോടും കൂടി മിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെടണം അതും ദൈവത്തിൽ മാത്രം ആശ്രയിച്ചുമാകണം.

പ്രേഷിതരുടെ സമാധാനം യേശുവാണെന്ന് ഈ വചനഭാഗത്ത് വ്യക്തമാക്കുന്നുണ്ട്. യേശുവിലുള്ള രക്ഷയുടെ സമാധാനമാണ് ഓരോ പ്രേഷിതനും ആശംസിക്കേണ്ടത്. ഈ സമാധാനാശംസ നൽകാനാണ് യേശു അവരെ അയയ്ക്കുന്നത്. ഇത് ദൈവരാജ്യ പ്രഘോഷണത്തിന്റെ ഭാഗവുമാണ് (ഏശയ്യ 52:7). കുടുംബങ്ങൾക്കും സമൂഹത്തിനും ഒപ്പം യേശുവിനെ സ്വീകരിക്കാൻ മനസ്സുള്ളവർക്ക്; ദൈവം പ്രസാദിച്ചവർക്ക് ഈ സമാധാനം ലഭിക്കും.

വചനധാര

സ്വന്തം സുഖസൗകര്യങ്ങൾക്കോ വെറും സൗഹൃദത്തിനുവേണ്ടിയോ അല്ല വീടുകൾ കയറിയിറങ്ങേണ്ടത്. മറിച്ച് ദൈവത്തിന്റെ വേലക്കാരും മനുഷ്യർക്ക് ദൈവരാജ്യത്തിന്റെ ശുശ്രൂഷ ചെയ്തു കൊടുക്കുന്നവരും എന്ന അഭിമാനത്തോടെ ആകണം. നമുക്ക് ഓരോരുത്തർക്കും പ്രേഷിതരാകാം ദൈവരാജ്യപ്രഘോഷകരാകാം. യേശുവിലുള്ള രക്ഷയുടെ സമാധാനം നമുക്കേവർക്കും മാർഗദീപം ആകട്ടെ. ✦